പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

10.02.2016 -ന്

മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 965

## മുഖാരി-മുവാരി സമുദായം - റിപ്പോർട്ട് നല്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595 നമ്പരായുള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നല്കാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു. എന്നാൽ 16-ാം സമ്മേളനം നടക്കുന്ന വേളയിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താഡ്സിൽ നിയമിച്ചിട്ടുണ്ടോയെന്നും ഇവർ ഇതിനാവശ്യമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | എ), ബി) & സി) | നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കിർത്താഡ്സിൽ നിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിയ്ക്കുവാൻ കഴിയൂ. |
| ബി) | എങ്കിൽ ഈ റിപ്പോർട്ട് പ്രകാരം പ്രസ്തുത സമുദായത്തെ ഒ.ബി.സി.യിൽപ്പെടുത്താൻ സ്വീകരിച്ച തുടർ നടപടികൾ വിവരിക്കാമോ; | | |
| സി) | ഇല്ലാത്ത പക്ഷം ആവശ്യപ്പെട്ടിട്ടും കിട്ടാത്ത റിപ്പോർട്ട് നിരാകരിച്ച് പ്രസ്തുത വിഭാഗത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ